കേരള സർക്കാർ

# തിരുമാറാടി ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ.എസ്.എ.-ഇകെഎം(പി.9) 2319/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി :18.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമാറാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- തിരുമാറാടി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം.

3)കാര്യാലയ പകർപ്പ്.

.

നം കെ.എസ്.എ-ഇ.കെ.എം (പി.9)2319/2018

തീയതി. 18.03.2019

# എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 12.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മുഴുവൻ എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി.ആർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 05.11.2018 മുതൽ 16.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.രതീഷ് സി.ആർ. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജോമോൾ എം.ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിജു എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജോർജുകുട്ടി ജോസഫ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ഒ.എൻ വിജയൻ | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ്/ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൻ | ശ്രീമതി പുഷ്പലത രാജു | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ സാജു ജോൺ | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീമതി രമ മുരളീധരൻ | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ കെ.ആർ. പ്രകാശൻ | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി ഷീലാകുമാരി പി.വി. | 1.4.2017 | 19/8/2017 |
| | | 29/8/2017 | 10/1/2018 FN |
| | | 29/1/2018 | 31/3/2018 |
| | ശ്രീ.റെയ്സൺ വി. വർഗീസ്(അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്) | 20/8/2017 | 28/8/2017 |
| | | 10/1/2018 AN | 28/1/2018 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.റെയ്സൺ വി. വർഗീസ് | 1.4.2017 | 31.3.2018 |
| കൃഷി ഓഫീസർ | സീനാ ജോസഫ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | ഡോ. സിജോ ജോസ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മെർലിൻ മർക്കോസ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അമ്പിളി പി നായർ | 1.4.2017 | 22.8.2017 |
| | ഡോ. സൂര്യഎം വി | 23.8.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അഞ്ചുകൃഷ്ണ കെ | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (തിരുമാറാടി) | നീതു ജോൺസൻ | 1.4.2017 | 24.6.2017 |
| | ഒഴിവ് | 25.6.17 | 6.7.17 |
| | കെ എസ് പുരുഷോത്തമൻ | 7.7.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപ്പുറം) | മഞ്ജുഷ് ജോസഫ് | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മണ്ണത്തൂർ) | ബിജു റ്റി. | 1.4.2017 | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ സഫ്ന ഐസക്ക് | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് | ലാൽ പ്രസാദ് | 1.4.2017 | 30.6.2017 |

| | | | |
|---|---|---|---|
| എഞ്ചിനീയർ | വിനോദ് വി ഡി | 1.7.2017 | 22.7.2017 |
| | വിശ്വനാഥൻ എം എൻ | 23.7.2017 | 31.7.2017 |
| | വിനോദ് വി ഡി | 1.8.2017 | 15.8.2017 |
| | ബിന്ദു പ്രസാദ് | 16.8.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | രാഗേഷ് എം | 1.4.2017 | 31.3.2018 |
| ഹെഡ്മിസ്ട്രസ് , GLPS | ശ്രീ എം.കെ. രാജു | 1.4.2017 | 31.3.2018 |

:

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖ.നം | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| 13 | ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 | |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 | |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കില്ല | 2-3 | |
| 16 | ഡി & ഒ ലൈസൻസ് പരിശോധന നടത്തിയില്ല | 2-4 | |
| 17 | കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്യുന്നില്ല. | 2-5 | |
| 18 | ഫിറ്റ്നെസ്സ് സാക്ഷ്യപത്രം ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു | 2-6 | |
| 19 | റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 2-7 | |
| 20 | മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു | 3-1 | |
| 21 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | 3-2 | |
| 22 | കാക്കൂർ കാർഷിക പൈതൃക സാംസ്കാരിക മേള - അധിക തുക നല്കി | 3-3 | |
| 23 | പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-4 | |
| 24 | ഹരിതസേനയുടെ പ്രവർത്തനം തൃപ്തികരമല്ല. | 3-5 | |
| 25 | ഭവനപുനരുദ്ധാരണം-അപാകതകൾ | 3-6 | |
| 26 | തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 3-7 | |

| | | | |
|---|---|---|---|
| 27 | വെള്ളക്കരം കുടിശ്ശിക - പഞ്ചായത്തിന് ബാധ്യത | 3-8 | |
| 28 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ - പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-9 | |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-10 | |
| 30 | അഡ്വാൻസ് തുക തിരികെ ലഭ്യമായത് - സംബന്ധിച്ച് | 3-11 | |
| 31 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 35 | സ്ഥിര നിക്ഷേപം | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 39 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 40 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| 41 | അനുബന്ധം 11 – ബാലൻസ് ഷീറ്റ്, ഇംകം & എക്സ്പെന്റീച്ചർ , റെസീപ്റ്റ് & പെയ്മെന്റ്സ് | | |



# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

24/3/2017 -തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 3/3/2018തീയതിയിലെ I-ാം നമ്പർതീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | നൽകിയ തീയതി | അപാകത പരിഹരിക്കാൻ തിരികെ ലഭിച്ച തീയതി | അപാകത പരിഹരിച്ച് തിരികെ നൽകിയ തീയതി |
|---|---|---|---|
| 31/7/2018 | 31/5/2018 | ----- | --- |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | ലഭിച്ച സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | തീയതി | |
|---|---|---|
| 2017-18 | 25/6/2018- 26/06/2018 | 30/8/2018 ലെ കെ എസ്എ-ഇ കെഎം (പിജി) 1786(71) /2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12013099 |
| വരവ് | 56158242 |
| ആകെ | 68171341 |
| ചെലവ് | 62884590 |
| നീക്കിയിരിപ്പ് | 5286751 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9958000 | 9958000 | 9958000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3764699 | 3764699 | 3764699 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 34986 | 34986 | 34986 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 14739806 | 14739806 | 14739806 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2571323 | 2571323 | 2571323 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4606324 | 4606324 | 4606324 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1118946 | 1118946 | 1118946 | 0 |
| സാക്ഷരത | | 1336 | 38 | 1374 | 0 | 1374 |
| ദുരിതാശ്വാസനിധി | | 1249 | 47 | 1296 | 0 | 1296 |
| എം.ജി.എൻ .ആർ.ഇ.ജി.എസ് | | 1493 | 20016079 | 20017572 | 20013721 | 3851 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | 1885664 | 1268346 | 3154010 | 172653 | 298135 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 264860 | 1344564 | 1609424 | 1235000 | 374424 |
| | ജില്ലാ പഞ്ചായത്ത് | 99197 | 393072 | 492269 | 386736 | 105533 |
| ബി ഫണ്ട് | | 0 | 33784400 | 33784400 | 3378440 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | | 6436483 | 6362000 | 12798483 | 11985431 | 813052 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 103063 | 1664184 | 1767247 | 888048 | 879199 |
| | എസ് ബി ഐ കാക്കുർ | 5203179 | 8245988 | 13449167 | 10624222 | 2824945 |

# 1-6 പദ്ധതി അവലോകനം

## പദ്ധതി അംഗീകാരം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 64138063 | 134 | 41037534 | 4 | 44 | 73.62 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1493 | 931701 | 933194 | 929343 | 3851 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19084378 | 19084378 | 19084378 | 0 |
| ആകെ | 1493 | 20016079 | 20017572 | 20013721 | 3851 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16800 | 34 |
| കർഷകതൊഴിലാളി | 4525300 | 363 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 6770300 | 561 |
| വാർദ്ധക്യ കാലപെൻഷൻ | 19819600 | 1473 |
| വികലാംഗപെൻഷൻ | 2060200 | 166 |
| അവിവിവാഹിത പെൻഷൻ | 609000 | 47 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2018 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27424/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാനും ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനുമായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നം. ഉത്തരവ് പ്രകാരം നിലവിൽവന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന് 17.03.2018 മുതൽ 3 വർഷത്തേയ്ക്ക് ഐ.എസ്.ഓ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.(certificate No.1100489 ISO 9001:2015) പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജീവനക്കാരുടെ ജോലികൾ / ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ജീവനക്കാരുടെയും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇൻകുംബെൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഭൂമി ഉൾപ്പടെയുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിലും, ആസ്തികളുടെ അക്കൗണ്ടിംഗ് പ്രക്രിയ പൂർത്തിയാക്കുന്നതിലും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/9/2018 | ജൂലായ്, ഓഗസ്റ്റ് 2018 | 17/10/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/9/2014 മുതൽ 9/10/2014 വരെ | 2009-10 മുതൽ 2013-14 വരെ | 20/11/2014 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 -ലെ ഓഡിറ്റ് സാക്ഷ്യപത്രം 30-8-18- ലെ KSA-EKM(PG)-1786(71)/18 -)o നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്.

സാക്ഷരത പ്രേരക് - മാരുടെ വേതനം, മഴക്കാല പൂർവ്വ ശുചീകരണം തുടങ്ങിയ ചെലവുകൾക്കായി അഡ്വാൻസായി ചെലവഴിക്കുന്ന തുകകൾ അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അപാകത ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. വാർഷിക കണക്കുകളിലെ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപന ത്തിന്റെ പേര് | ഈടാക്കിയ തൊഴിൽ നികുതി / അർദ്ധവർഷം | രസീത് നം./ തിയതി | ഈടാക്കേണ്ട നികുതി/ കാലയളവ് | കുറവ് |
|---|---|---|---|---|---|
| 1 | മൂകാംബിക ടെക്ക്നിക്കൽ ക്യാമ്പസ് | 30600/- രണ്ടാം അർദ്ധവർഷം | 117070102987/ 58-10-17 | 30600/- ഒന്നാം അർദ്ധവർഷം | 30600 |
| 2 | കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്ക്നോളജീസ് | 62380/- രണ്ടാം അർദ്ധവർഷം | 117070101317/ 6-7-17 | 62380/ ഒന്നാം അർദ്ധവർഷം | 62380 |
| 3 | മാവേലി സ്റ്റോർ ,മണ്ണുത്തുർ | 1250/- രണ്ടാം അർദ്ധവർഷം | 117070102716/ 22-9-17 | 1250 ഒന്നാം അർദ്ധവർഷം | 1250 |
| 4 | മാവേലി സ്റ്റോർ, വെട്ടിമൂട് | 1250/- രണ്ടാം അർദ്ധവർഷം | 117070103675/ 22-9-17 | 1250 ഒന്നാം അർദ്ധവർഷം | 1250 |
| | | | | ആകെ | 95480 |

തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. എന്നാൽ മേൽ കുടിശ്ശിക ഡി.സി.ബി രജിസ്റ്ററിൽ തൻവർഷം 95480/- രൂപ മേൽ സ്ഥാപനങ്ങൾ കാണിച്ചിട്ടില്ല. കളക്ഷൻ തുകയാണ് തൻവർഷം ഡിമാന്റ് തുകയായി കാണിച്ചിട്ടുള്ളത്. കുടിശ്ശികയായി തുകയൊന്നും ഡി.സി.ബി രജിസ്റ്ററിൽ കാണിച്ചിട്ടില്ല. സ്ഥാപനം നല്കിയ വാർഷിക ധനകാര്യപത്രികയിൽ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. ഈ പൊരുത്തക്കേടിനും സമയബന്ധിതമായി തൊഴിൽ നികുതി ഈടാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 09.11.2018 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സ്ഥാപനങ്ങൾ ഒടുക്കിയ നികുതിയുടെ അടിസ്ഥാനത്തിൽ നഷ്ടം സംഭവിച്ച 95480/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രികയിൽ തൊഴിൽ നികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന കുടിശ്ശിക ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണ്. ടി സ്ഥാപനങ്ങളിൽ ധാരാളം പേർ ജോലി ചെയ്യുന്നതായി അപേക്ഷകൻ തന്നെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | വാർഡ് | തരം, | തൊഴിലാളികളുടെ എണ്ണം | മേഖല |
|---|---|---|---|---|

| | കെട്ടിട നമ്പർ | ലൈസൻസ് നമ്പർ | | |
|---|---|---|---|---|
| ജെയിൻ.സി.ജോൺ<br>ചിറ്റമ്മേൽ,കാക്കൂർ.പി.ഒ | XI<br>572A | A3-153/17-18.<br>04.12.17 | 7 | പേപ്പർ കാർട്ടൺ നിർമ്മാണം |
| ഗ്രേസി മാത്യു,വെട്ടിമൂട്ടിൽ<br>കാക്കൂർ.പി.ഒ | V<br>200B | A3-26/17-18.<br>11.04.117 | 6 | പാലുല്പന്നങ്ങൾ നിർമ്മിക്കൽ |
| പി.ജെ.തോമസ്,<br>പനലിക്കൽ,പിറവം.പി.ഒ | XII<br>100 | A3-32/17-18.<br>22.04.117 | 10 | തീപ്പെട്ടി നിർമ്മാണം |
| ജയ ഏലിയാസ്<br>പേങ്ങാട്ട് വീട് | XIII<br>224 | A3-46/17-18.<br>20.05.2017 | 6 | തീപ്പെട്ടി നിർമ്മാണം |
| രാജി ഫിലിപ്പോസ്,<br>മലയിൽ, തിരുമാറാടി | IV<br>274C | A3-144/17-18.<br>23.11.2017 | 8 | ചപ്പാത്തി നിർമ്മാണം |
| നിസാമുദ്ദീൻ .കെ.എസ്.<br>കാരുക്കുന്നത്ത്. പെരിങ്ങാല | II | A37/17-18.<br>11.04.117 | 12 | കരിങ്കൽ ഖനനം |
| ഒ.എസ്.ജോസഫ്.<br>ഊളക്കുന്നേൽ,പിറമാടം.പി.ഒ | I | A3-138/17-18.<br>19.09.2017 | 6 | കരിങ്കൽ ഖനനം |
| ബാബു ജോക്കബ്,<br>പുൽപ്പാറയിൽ,മണ്ണത്തൂർ | I | A3-143/17-18.<br>24.10.2017 | 9 | കരിങ്കൽ ഖനനം |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 205 b പ്രകാരം സെക്രട്ടറി നോട്ടീസ് നല്കിയിട്ടുണ്ടോയെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 08.11.2018 ൽ നല്കിയതിനുള്ള മറുപടി ലഭ്യമാക്കിയതിൽ ശ്രീ ബാബു ജേക്കബ് പുൽപ്പരയിൽ 12.11.2018 ൽ രസീത് നം. 118220101472 പ്രകാരം 3240/- രൂപ അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങൾക്ക് അടിയന്തരമായി തൊഴിൽ നികുതി നോട്ടീസ് നൽകേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷികം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കാക്കൂർ | രണ്ട് | 1250 |
| 2 | മാവേലി സ്റ്റോർ, തിരുമാറാടി | രണ്ട് | 1250 |
| 3 | കാത്തലിക്ക് സിറിയൻ ബാങ്ക് | രണ്ട് | 1250 |

| | |
|---|---|
| ആകെ | 3750 |

ഗ്രാമപഞ്ചായത്ത് നല്കിയ വാർഷിക ധനകാര്യപത്രികയിൽ സ്ഥാപന തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് പ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 09.11.2018 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കാക്കൂർ, എന്ന സ്ഥാപനം 28.09.2018ൽ 11822101162 നമ്പർ രസീത് പ്രകാരം 1250 രൂപ അടവാക്കിയെന്നും, മാവേലി സ്റ്റോർ, മണ്ണൂത്തൂർ 15.03.2018 ൽ11707005433 എന്ന രസീത് നമ്പർ പ്രകാരം 1250 രൂപ അടവാക്കിയെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കാക്കൂർ, എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി 2018 സെപ്റ്റംബർ മാസം അടവാക്കിയതിനാൽ ആയത് 2017-18 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയാണെന്ന് വ്യക്തമല്ല. തെളിവായി ഹാജരാക്കിയ ഡേ ബുക്കിൽ കുടിശ്ശിക തുകയാണെന്ന് വ്യക്തമാക്കിയിട്ടുമില്ല. ആയതിനാൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം സ്ഥാപന നികുതിയിനത്തിൽ ലഭിക്കുവാനുള്ള 3750 രൂപ (1250x3) അടിയന്തരമായി നോട്ടീസ് നല്കി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയോ അല്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 ഡി & ഒ ലൈസൻസ് പരിശോധന നടത്തിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസില്ലാതെയും സൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 233(A) പ്രകാരം പഞ്ചായത്തിന്റെ അനുമതി കൂടാതെയും അതിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഏതെങ്കിലും ഫാക്ടറിയോ , വർക്ക് ഷോപ്പോ പണിസ്ഥലമോ നിർമ്മിക്കുവാൻ പാടില്ലായെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 26 -ൽ വ്യവസ്ഥ ചെയ്യുന്നു.

മേൽ നിയമങ്ങളുടെ ലംഘനം നടന്നിട്ടുണ്ടോയെന്ന് അറിയുന്നതിന് 2017-18 സാമ്പത്തിക വർഷം പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വാർഡ് തിരിച്ചിട്ടുള്ള റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 08.11.2018 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽ സൂചിത നിയമങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അത് അന്വേഷണം നടത്തേണ്ടതും അങ്ങനെയുള്ള സ്ഥാപനങ്ങളെ ക്രമീകരിക്കേണ്ടതും, നിയമാനുസൃതമായ ഫീസ് ഈടാക്കേണ്ടതുമാണ്.

# 2-5 കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് ഇഷ്യു ചെയ്ത ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 46). ദീർഘകാലമായി പണമായി മാറാത്ത ചെക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക (രൂ.) |
|---|---|---|
| 84750 | 03.02.2017 | 1000 |
| 86453 | 30.6.2017 | 760 |
| 84982 | 17.03.2017 | 285 |
| 90534 | 05.03.2018 | 600 |
| 128144 | 22.2.2017 | 25126 |

മേൽ ചെക്കുകൾ ക്യാൻസൽ എൻട്രി വരുത്തി ക്രമീകരിക്കേണ്ടതാണ്.

## 2-6 ഫിറ്റ്നെസ്സ് സാക്ഷ്യപത്രം ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു

ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച വാർഷിക പരിശോധന എല്ലാ വർഷവും ഫെബ്രുവരി മാസം 28ാം തീയതിക്കകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ പരിശോധന നടത്തി വിദ്യാഭ്യാസ വകുപ്പ് മേധാവികൾക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് (സർക്കുലർ നം.45713(1)/M3/05/GenEd/dt.10.3.06). എന്നാൽ ഗ്രാമപഞ്ചായത്തിലെ St.Anns Carmel Public School , Thirumaradi എന്ന സ്കൂളിന്റെ വാർഷിക സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകിയിട്ടില്ല എന്ന് കാണുന്നു. 25.05.2014 ലെ ഡി.ബി.5/9495/2009/സി.ഇ./തസ്വഭവ. നമ്പർ സർക്കുലർ , 30.12.16 ലെ 792455/EW3/2016/ തസ്വഭവ നമ്പർ സർക്കുലർ , ജി.ഒ (ആർ.ടി)നം.2427/2007 പൊതുവിദ്യാഭ്യാസം തീയതി 01.06.2007 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എഞ്ചിനീയർമാർ സ്കൂളുകളിൽ പരിശോധന നടത്തേണ്ടതും കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകേണ്ടതും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്. ആയതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 2-7 റേഷൻ കടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

പഞ്ചായത്ത് കമ്മറ്റിയുടെ 22.09.2017 ലെ യോഗ തീരുമാനം നമ്പർ 12 പ്രകാരം റേഷൻ കടകൾക്ക് ഡി ആൻഡ് ഒ ലൈസൻസും തൊഴിൽ നികുതിയും ബാധകമാക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് ലഭിച്ചത് ചർച്ച ചെയ്യുകയും, ഈ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ തിരുമാറാടി ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള എല്ലാ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും നിയമാനുസൃത തൊഴിൽ നികുതിയും ഈടാക്കുവാനും തീരുമാനിച്ചിരുന്നു.എന്നാൽ ഈ തീരുമാനം നാളിതുവരെ നടപ്പാക്കിയതായി കാണുന്നില്ല .റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഈടക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസും തൊഴിൽ നികുതിയും അടിയന്തിരമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി

# സബ്സിഡി അനുവദിച്ചു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേരും നമ്പരും | മഴ വെള്ള സംഭരണി<br>എസ് 0179/18 |
| അടങ്കൽ | 100000/- (ധനകാര്യ കമമീഷൻ ഗ്രാന്റ്) |
| ചെലവ് | 20000/-(ബിൽ നം.11/19.2.18) |

തൻവർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന് രണ്ടു ഗുണഭോക്താക്കളാണുള്ളത് .സബ്സിഡിയായി 10000/- രൂപ വീതമാണ് നൽകിയിട്ടുള്ളത്.സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം(സ.ഉ.(എം.എസ്)80/2017/ ത.സ്വ.ഭ.വ /3.4.2017 ഖണ്ഡിക 8.5 ക്രമനം.6) 100ച.മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഉള്ളവർക്ക് മാത്രമാണ് മഴവെള്ളസംഭരണി നിർമ്മിക്കുന്നതിനുള്ള സബ്സിഡിക്ക് അർഹതയുള്ളത്.എന്നാൽ ആയതിന് വിരുദ്ധമായി 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഉള്ളവരെയാണ് ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടുള്ളത്.വിശദവിവരം താഴെചേർക്കുന്നു

| ക്രമ നമ്പർ | ഗുണഭോകതാവിന്റെ പേര് | കെട്ടിടനമ്പർ | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | ജോൺസൺ എൻ സ്കറിയ | 1/64 | 108 |
| 2 | ജോർജ് ജേക്കബ് | 5/76A | 136.9 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യങ്ങൾ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാനദണ്ഡങ്ങൾക്കു വിരുദ്ധമായി നൽകിയ തുക ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശത്തിന വ്യക്തമായ മറുപടി നൽകേണ്ടതും സബ്സീഡി മാർഗരേഖക്ക് അനുസൃതമായി പ്രൊജക്ട് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 3-2 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

പഞ്ചായത്ത് കമ്മിറ്റിയുടെ 22.9.2017- ലെ മിനിട്ട്സിൽ 2016-17പദ്ധതി പ്രകാരം പഞ്ചായത്തിൽ നടപ്പിലാക്കിയ 1-ാം വാർഡിലെ മണ്ണത്തൂർ-ഗ്രേസ് റോഡ്, ഗ്രേസ് റോഡ്-ആട്ടിൻകുന്ന് എന്നീ റോഡുകളും, 2-ാം വാർഡിലെ അത്താണി-പൊടിപാറ റോഡ്, 10-ാം വാർഡിലെ കാക്കൂർ-കോൺവെന്റ് റോഡ് എന്നിവ പൊട്ടിപ്പൊളിഞ്ഞുപോയതായി വാർഡ് മെമ്പർമാർ പരാതി നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുന്നംകോട് കൽപക റോഡ്, വെള്ളിലാപ്പിള്ളി-പീച്ചമറ്റം-കാക്കൂർ റോഡ് എന്നിവയുടെ നിർമ്മാണത്തിൽ അപാകതകളുള്ളതായും പരാതിയുണ്ടെന്ന് 18.4.2017,22.5.2017 എന്നീ ദിവസങ്ങളിൽ നടന്ന കമ്മിറ്റികളിലെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറെ കമ്മിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മരാമത്ത് പ്രവൃത്തികളുടെ പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പുന്നംകോട് കൽപക റോഡ് പ്രവൃത്തി ചെയ്തതിന്റെ തുക അനുവദിച്ചത് അപാകതകൾ പരിഹരിച്ചതിനുശേഷമാണെന്നും 10-ാം വാർഡിലെ കാക്കൂർ-കോൺവെന്റ് റോഡ് പ്രവൃത്തിയിലെ അപാകത പരിഹരിക്കുന്നതിനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. മറ്റു പ്രവൃത്തികളിൽ അപാകതകളില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കുഴവേലിമേപ്രം അമയപ്പാടം റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് എന്ന പ്രവൃത്തിയുടെ എല്ലാ ഐറ്റങ്ങളുടേയും റേറ്റ് കണക്കാക്കിയിരിക്കുന്നത് ഓവർഹെഡ് ചാർജസ് ഉൾപ്പെടെയാണ്. കൺവീനർക്ക് തുക അനുവദിച്ചപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ ടാക്സ് പ്രൊവിഷൻ വീണ്ടും കൂട്ടിയിട്ടുണ്ട്. എന്നാൽ ഓവർഹെഡ് ചാർജസ് ബില്ലിൽ നിന്നും കുറച്ചിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ തുക ലിമിറ്റ് ചെയ്ത് നൽകിയതിനാൽ പഞ്ചായത്തിന് ഈ

പ്രവൃത്തിക്ക് തുക അനുവദിച്ചപ്പോൾ നഷ്ടം സംഭവിച്ചിട്ടില്ല. എന്നാൽ ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

തൻവർഷം ചെയ്ത എല്ലാ മരാമത്ത് പ്രവൃത്തികളുടേയും മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഫയലിൽ ചേർത്തിട്ടില്ല. മേൽ പരാമർശിത പ്രവൃത്തികൾ കൃത്യമായി മോണിട്ടറിംഗ് നടത്താതിരുന്നതുകൊണ്ടാണ് മരാമത്ത് പ്രവൃത്തികളിൽ അപാകതകൾ സംഭവിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വസ്തുതയിന്മേൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

# 3-3 കാക്കൂർ കാർഷിക പൈതൃക സാംസ്ക്കാരിക മേള അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്0143/17-18,കാക്കൂർ കാർഷിക പൈതൃക സാംസ്കാരിക മേള |
| ഫണ്ട്, ചെക്ക് നം, തീയതി | തനത് ഫണ്ട് ,KSCB 90042 തീ. 22/03/18, 100000/-രൂപ KSCB 90741 തീ. 28/03/18, 100000/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

കാക്കൂർ കാർഷിക പൈതൃക സാംസ്കാരിക മേള നടത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 200000/-രൂപ (വൗച്ചർ നം 21700857 , 21701157) രൂപ നല്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 3(iii) പ്രകാരം കലാ-സാംസ്കാരികമത്സരവും കായിക വിനോദവും സംഘടിപ്പിക്കുന്നതിനും, ചട്ടം 3(viii)പ്രകാരം കലാ-സാംസ്കാരിക പ്രദർശനം നടത്തുന്നതിനും തുക അനുവദിക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 4(1) പ്രകാരം അസാധാരണ ചെലവുകൾക്കുള്ള പരിധിയെക്കുറിച്ച് പറയുന്നു. ആയത്പ്രകാരം 3ാം ചട്ടം (1)ഉപചട്ടത്തിൽ പറയുന്ന എല്ലാ അസാധാരണചെലവുകൾക്കും വേണ്ടി ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക (2)ഉപചട്ട പ്രകാരം കണക്കാക്കുന്ന മുൻവർഷത്തെ അതിന്റെ മിച്ച ഫണ്ടിന്റെ 20% വരേയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയായിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. കാക്കൂർ കാർഷിക പൈതൃക സാംസ്കാരിക മേള നത്തുന്നതുമായി ബന്ധപ്പെട്ട് 200000/- രൂപ അനുവദിച്ചതിനും മേള നടത്തുന്നതിന് സാമ്പത്തിക സഹായം നല്കുന്നതുമായി ബന്ധപ്പെട്ടും സർക്കാർ സാധൂകരണം/പ്രത്യേകാനുമതി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 15.11.2018 ന് നല്കിയതിന് 2016-17 സാമ്പത്തിക വർഷം കാക്കൂർ കാർഷിക പൈതൃക സാംസ്കാരിക മേള നടത്തുന്നതുമായി ബന്ധപ്പെട്ട് ഡി.പി.സി, കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആയതിന് തുടർ അനുമതിയും ലഭിച്ചിട്ടുണ്ടെന്ന മറുപടിയാണ് നല്കിയത്. എന്നാൽ ആയതിന്റെ സർക്കാർ സാധൂകരണം ഓഡിറ്റിന് ലഭ്യമാക്കിയില്ല.ആയതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.

# 3-4 ഭവന നിർമ്മാണം പൂർത്തിയായില്ല

i)

| | |
|---|---|
| പ്രോജക്ട് നം, പേര് | S00144/18, ആശ്രയ ഭവന നിർമ്മാണം |
| ഫണ്ട്, അടങ്കൽ | വികസനഫണ്ട് (പൊതുവിഭാഗം), 600000/- രൂപ |
| ബില്ല് നം,തീയതി, ചെലവ് | 07/17-18, 20.03.2018, 40000/- രൂപ |

1) അഗതി രഹിത കേരളം എന്ന പദ്ധതിയുടെ ഭാഗമായി ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ രണ്ടുപേർ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. മൂന്ന് ലക്ഷം രൂപ ഭവന നിർമ്മാണത്തിന് അനുവദിക്കുന്നത്. ഇതിൽ അമ്മാളുവമ്മ. പുളിഞ്ചുവട്ടിൽ. കാക്കൂർ എന്ന വ്യക്തിക്ക് മേൽ സൂചിത ബില്ല് പ്രകാരം 40000/- രൂപ മാത്രം നല്കിയതായി കാണുന്നു. ടിയാൾ തൻ വർഷം ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ഈ വ്യക്തിയുടെ ഭവനനിർമ്മാണം ഉടൻ പൂർത്തികരിക്കുന്നതിന്നാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

# 3-5 ഹരിതസേനയുടെ പ്രവർത്തനം തൃപ്തികരമല്ല്.

15.07.2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2420ാം നമ്പർ ഉത്തരവ് പ്രകാരം എല്ലാപഞ്ചായത്തുകളും ഒരു ഹരിത കർമ്മസേന രൂപീകരിക്കണമെന്നും പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഈ ഹരിത കർമ്മസേനയുടെ സജീവ

പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവ് പാലിച്ച് കൊണ്ട് തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടോയെന്നും ഈ സേനയുടെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്ന് പ്രത്യേകമായി തുക അനുവദിച്ചിട്ടുണ്ടോയെന്നും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഈ സേന ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാൻ ആവശ്യപ്പെട്ട് 09.11.2018 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രധാന്യമുള്ള ഗ്രാമപഞ്ചായത്തായതിനാൽ ഹരിതസേനയ്ക്ക് ധാരാളം കാര്യങ്ങൾ പഞ്ചായത്തിന് വേണ്ടി ചെയ്യാനുണ്ട്. സർക്കാർ ഉത്തരവ് ഉണ്ടായിരുന്നിട്ട് പോലും ഹരിത കർമ്മസേനയുടെ സജീവ പ്രവർത്തനം ഗ്രാമത്തിന്റെ സമസ്ത മേഖലകളിലും എത്തിക്കുവാൻ കഴിയാതിരുന്നത് പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംങ് കമ്മറ്റിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ഭാവിയിൽ ഹരിത കർമ്മസേനയുടെ സജീവ പ്രവർത്തനം പഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് ഉപകാരപ്രദമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഭവനപുനരുദ്ധാരണം-അപാകതകൾ

വി.ഇ.ഒ(തിരുമാറാടി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് മെയിന്റനൻസ് (ജനറൽ- എസ്.0049/18) (ചെലവ്-420000/-ബിൽ നം.1/28.6.2017) എന്ന പ്രോജക്ട് പ്രകാരം 30 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ നടത്തിപ്പിൽ ചില അപാകതകൾ കാണുന്നു.

1. വിശദമായ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക നൽകേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.വാല്യുവേഷൻ ഇല്ലാതെയാണ് ശ്രീ.യോഹന്നാൻ മത്തായിക്ക് 10000/- രൂപയും ശ്രീ. അയ്യപ്പൻ തമ്പിക്ക് 20000/-രൂപയും സബ്സിഡി അനുവദിച്ചിരിക്കുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റും ചേർത്തിട്ടില്ല.

2. പ്രോജക്ട് മോണിട്ടറിംഗ് നടത്തിയിട്ടില്ല

3. സബസിഡി തുക ഇ – ട്രാൻസഫർ ചെയ്തതായി ബില്ലിൽ ചേർത്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ സബസിഡി തുക ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല.

മേൽസൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുക 420000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

സ്ട്രീറ്റ് ലൈറ്റുകളുടെ താരിഫ് റിവിഷനായി KSEB നൽകിയ 31.05.2017 ലെ BB/PKDA/ST. LIGHT/17-18/15 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിലവിൽ 143 എണ്ണം 40W സാധാരണ ബൾബുകളും , 290 എണ്ണം 22W (2X11W) CFL ബൾബുകളും 6 എണ്ണം 2X40 W ട്യൂബ് ലൈറ്റുകളും , 26 എണ്ണം 250W SVL ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ ഉൾപ്പെടുത്തിയാണ് KSEB വൈദ്യുതി ചാർജ് ഈടാക്കുന്നത്. എന്നാൽ സാധാരണ ബൾബുകളും , സോഡിയം വേപ്പർ വിളക്കുകളും നിലവിൽ ഉപയോഗിക്കുന്നില്ലാത്തതും ഇവയ്ക്കുപകരമായി വിവിധ വർഷങ്ങളിലെ പദ്ധതി പ്രകാരം CFL (14 W) ബൾബുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ആയതിനാൽ കെ.എസ്.ഇ.ബി. ഈടാക്കുന്ന പ്രതിമാസ വൈദ്യുതി നിരക്ക്(Rs.31144/-) വളരെ ഉയർന്നതാകനാണ് സാധ്യത. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി.2/44274/2015 -)0 നമ്പർ ഉത്തരവ് പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റെനെൻസ് പദ്ധതികൾ നടപ്പാക്കുമ്പോൾ വാർഡ് തലത്തിൽ പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ കണക്ക് (പോസ്റ്റ് നമ്പർ സഹിതം) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. KSEB - യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ എണ്ണം പോസ്റ്റ് നം. ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും വൈദ്യുതി ചാർജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. .ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

# 3-8 വെള്ളക്കരം കുടിശ്ശിക - പഞ്ചായത്തിന് ബാധ്യത

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശിക നിലനില്ക്കുന്നതായി കാണുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 04/2017 ലെ ബിൽ പ്രകാരം മുൻബാക്കി 4151302 /- രൂപയായിരുന്നു.( കുടിശ്ശിക Rs. 4071396/- , ഫൈൻ Rs. 79906 /-) . കുടിശ്ശിക തുകയ്ക്ക് 2% ഫൈൻ ഓരോ മാസവും ചുമത്തുന്നുണ്ട് . അതു വഴി അടയ്ക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. പ്രൊജക്റ്റ് നം. 109 /2018 പ്രകാരം 2017-18 വർഷം വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 10 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. മുൻ കാലയളവുകളിലെ വെള്ളക്കരം കൃത്യമായി അടയ്ക്കാത്തതിനാലും , K W A - യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ ടാപ്പുകൾ ഒഴിവാക്കാത്തതുകൊണ്ടും,നിർത്തൽ ചെയ്യേണ്ടവ ഡിസ്കണക്റ്റ് ചെയ്യുന്നതിന് യഥാസമയം നടപടി സ്വീകരിക്കാത്തതിനാലുമാണ് ഇപ്രകാരം വാട്ടർ ചാർജ്ജിനത്തിൽ ഭീമമായ തുക കുടിശ്ശിക നില്ക്കുവാനും ടി തുകയുടെ ഫൈൻ ഉൾപ്പെടെ ബാലൻസ് തുക വർദ്ധിയ്ക്കുവാനും ഇടയാക്കിയതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

പഞ്ചായത്ത് കമ്മറ്റിയുടെ 10.08.2017-ലെ യോഗം - തീരുമാന നമ്പർ :- 1 പ്രകാരം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളം നിലവിൽ ലഭ്യമാകുന്ന ടാപ്പുകൾ കണ്ടെത്തി മറ്റുള്ള ടാപ്പുകൾ ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായിചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. KWA- യുടെ ബിൽ പ്രകാരം 217 വാട്ടർ ടാപ്പുകൾ നിലവിലുള്ളതായി കാണിച്ചിട്ടുണ്ട്. GO(Rt) 1501/2006/LSGD/23.06.2006,GO(Rt)2242/2011/LSGD/28.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ KWA-യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിയിക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്തിൽ നടന്നു വരുന്നുവെങ്കിലും നാളിതു വരെ പൂർത്തിയായിട്ടില്ല. ആയതിനാൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്തപരിശോധന നടത്തി നിലവിലുള്ള ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുകയും ആയത് അംഗീകരിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തു വാട്ടർ അതോറിറ്റിക്ക് നൽകി വെള്ളക്കരം ക്രമീകരിക്കുന്നതിനും പ്രവർത്തനരഹിതമായ ടാപ്പുകൾ ഒഴിവാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 3-9 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതിനായി അവ തരംതിരിക്കുന്നതിനും പൊടിച്ച് തരികളാക്കുന്നതിനുമായി താഴെ ചേർക്കുന്ന പ്രോജെക്റ്റുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോ. നം | പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | S0130/18 | എം.ആർ.എഫ്. സെന്റർ- വൈദ്യുതീകരണം | 79697 |
| 2 | S0131/18 | എം.ആർ.എഫ്. സെന്റർ- ഷ്റെഡ്ഡിങ്ങ് | 1073540 |

| | | | |
|---|---|---|---|
| | | മെഷീൻ,അനുബന്ധ ഉപകരണങ്ങ വാങ്ങൽ | |
| 3 | S023/18 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ | 931603 |
| ആകെ | | | 2084840 |

പ്രൊ. നം. S0 131/2018 - MRF സെന്റർ - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി പ്രകാരം 982943/- രൂപയുടെ ഉപകരണങ്ങൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡി ൽ നിന്നും വാങ്ങി 12/2017- ൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതുമാണ്. കമ്പനിയുമായുള്ള കരാർ പ്രകാരം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതാണെന്നും യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ആവശ്യമായ നിലവാരത്തിലും അളവിലും എത്തിക്കുന്നത് പഞ്ചായത്തിന്റെ ചുമതലയാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തിൽ ആരംഭിക്കാത്തതിനാൽ ഉദ്ഘാടനം കഴിഞ്ഞിട്ടും പ്ലാന്റ് പ്രവർത്തന സജ്ജമായിട്ടില്ല. വലിയ തുക മുടക്കി ഇൻസ്റ്റാൾ ചെയ്ത യന്ത്രങ്ങൾ ഉപയോഗമില്ലാതെ കേടുവരുവാൻ സാധ്യത ഉള്ളതിനാലും , വാറന്റി കാലാവധി കഴിയുമെന്നതിനാലും പ്ലാന്റ് പൂർണ്ണമായ രീതിയിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-10 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു..

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൊ.നം SO 129/2018 - വാട്ടർ അതോറിറ്റിയുടെ ഉപയോഗ്യമല്ലാത്ത GI പൈപ്പ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം വൗച്ചർ നം. 21701033/ 13.11.2017 പ്രകാരം 1190000/- രൂപ അസി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി , പി.എച്ച് ഡിവിഷൻ , മൂവാറ്റുപുഴ - ടെ പേർക്ക് നൽകിയിരുന്നു. എന്നാൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ 1190000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 3-11 അഡ്വാൻസ് തുക തിരികെ ലഭ്യമായത് - സംബന്ധിച്ച്

തിരുമാറാടി വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്ക് മെയ് 2017- ൽ വേനൽ അവധി ക്യാമ്പ് നടത്തിയതിന്റെ ചെലവ് തുക ബ്ലോക്ക് പഞ്ചായത്തിൽ ശുചിത്വ മിഷൻ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പിന്നീട് റീഫണ്ട് ചെയ്യുമെന്ന വ്യവസ്ഥയിൽ ഗ്രാമ പഞ്ചായത്ത് ടി തുക നൽകുന്നതിന് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 21700203/51700204/20.06.2017 പ്രകാരം 10000/- BDO യുടെ പേർക്ക് നൽകിയിരുന്നു. ടി തുക sanitation expenses എന്ന ഹെഡിൽ ഉൾപ്പെടുത്തി നൽകിയതിനാൽ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ടി തുക തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2017-18 | 280572 | നെൽ കൃഷി വികസനം | 280572 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാക്കുട | 2017-18 | 109564 | വീട് പുനരുദ്ധാരണം എസ് റ്റി | 0 | 109564 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാക്കുട | 2017-18 | 75000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 75000 | 0 |
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2017-18 | 112500 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് | 112500 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാക്കുട | 2017-18 | 1000000 | എം ആർ എഫ് സെന്റർഷ്രഡിംഗ് മെഷീന്, അനുബന്ധ ഉപകരണങ്ങള് വാങ്ങൽ | 740000 | 260000 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാക്കുട | 2017-18 | 160000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 160000 | 0 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | തിയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർഅതോറിറ്റി | വാട്ടർ അതോറിറ്റിയുടെ ഉപയോഗശൂന്യമല്ലാത്ത ജി ഐ പൈപ്പ് മാറ്റി സ്ഥാപിക്കൽ | | | 1190000 | -- | 1190000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9513/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ | തിയ്യതി |
|---|---|---|---|---|---|
| 2015-16 | 3.1 | 6291 | ശ്രീ. റ്റി എസ് ലാൽ പ്രസാദ്, അസി എഞ്ചിനീയർ, എൽ എസ് ജി ഡി | 117070102810 | 05/10/2017 |
| 2016-17 | 3.1 | 500 | ശ്രീ. റ്റി ജി കനകാംബരൻ അസി സെക്രട്ടറി തിരുമാറാടി ഗ്രാമപഞ്ചായത്ത് | 117070104189 | 16/12/2017 |
| 2009-10 | 3(6) | 2722 | ശ്രീമതി.അനുരൂപാ അസി എഞ്ചിനീയർ എൽഎസ് ജി ഡി | 117070104904 | 17/2/2018 |
| | ആകെ | 9513 | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | വർഷം | | | |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.2 | തൊഴിൽനികുതി | 28/9/2018 ൽ എ1/5472/16നമ്പർ കത്ത് പ്രകാരം മറുപടി നല്കി |
| 2015-16 | 2.1 | | 2.1 | | -- |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

## (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

## (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56158242 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62884590 |
| വരവിനങ്ങളിലുള്ള നഷ്ടം | 99230 |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1730000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 95480 | -- | സെക്രട്ടറി, ശ്രീമതി. ഷീല കുമാരി തിരുമാറാടി ഗ്രാമ പഞ്ചായത്ത് |
| 2-3 | 3750 | -- | ,, |
| ആകെ | 99230 | | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20000 | ശ്രീ. റെയ്സൺ വി വർഗ്ഗീസ്. അസ്സി. സെക്രട്ടറി, തിരുമാറാടി ഗ്രാമ പഞ്ചായത്ത് |
| 3-3 | 100000 | ശ്രീമതി. സീന ജോസഫ് കൃഷി ഓഫിസർ, തിരുമാറാടി ഗ്രാമ പഞ്ചായത്ത് |
| 3-6 | 420000 | ശ്രീമതി. നീതു ജോൺസൻ വി. ഇ. ഓ. തിരുമാറാടി ഗ്രാമ പഞ്ചായത്ത് |
| 3-10 | 1190000 | സെക്രട്ടറി, ശ്രീമതി. ഷീലാ കുമാരി തിരുമാറാടി ഗ്രാമ പഞ്ചായത്ത് |
| ആകെ | 1730000 | |

## മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം, സംസ്ഥാന സർക്കാരുകൾ-കേന്ദ്ര(സി)

ഇല്ല

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി, ശ്രീമതി. ഷീലാ കുമാരി, സെക്രട്ടറി തിരുമാറാടി ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | ഇ -55, വൈശാഖം ചങ്ങമ്പുഴനഗർ P.O സൌത്ത് കളമശേരി, എറണാകുളം |
| ശ്രീ. റെയ്സൺ വി വർഗ്ഗീസ്. അസ്സി. സെക്രട്ടറി, തിരുമാറാടി ഗ്രാമ പഞ്ചായത്ത് | അസി. സെക്രട്ടറി, തിരുമാറാടി ഗ്രാമ പഞ്ചായത്ത് | വരീക്കൽ ഹൌസ് കുന്നപ്പിള്ളി , പെരുവ P.O കോട്ടയം |
| ശ്രീമതി. നീതു ജോൺസൻ വി. ഇ. ഓ. തിരുമാറാടി ഗ്രാമ പഞ്ചായത്ത് | വി. ഇ. ഓ. തിരുമാറാടി ഗ്രാമ പഞ്ചായത്ത് | ഉണ്ടൽ ഹൌസ്, കുരിക്കാട് പി.ഒ , തിരുവാങ്കുളം |
| ശ്രീമതി. സീന ജോസഫ് കൃഷി ഓഫിസർ തിരുമാറാടി ഗ്രാമ പഞ്ചായത്ത് | കൃഷി ഓഫിസർ തിരുമാറാടി ഗ്രാമ പഞ്ചായത്ത് | കുന്നംപുറത്ത് ഹൌസ്, അട്ടാണിയേടത്ത് റോഡ്, വെണ്ണല P.O 682028 |

.

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1987-88 | എൽ.എഫ്.ഇ.(പി.3)175/96/7.3.1996 |
| 1988-89 | എൽ.എഫ്.ഇ.(പി.2)1159/96/6.12.96 |
| 1996-97 | എൽ.എഫ്.ഇ.(പി.2)696/99/12.3.99 |
| 1997-98 | എൽ.എഫ്.ഇ.(പി.2)518/01/ 13.8.2001 |
| 1998- 99 - 2000-01 | എൽ.എഫ്.ഇ.(പി.2)885/03/6.11.2013 |
| 2001-02 (പദ്ധതി) | എൽ.എഫ്.ഇ.(പി.2)1189/04/9.2.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.1)1928/ 07/2.8.06 |
| 2002-03 | എൽ.എഫ്.ഇ.(പി.9)1340/10/ 23.5.2001 |
| 2003-04 | എൽ.എഫ്.ഇ.(പി.9)1342/10/ 23.5.2011 |
| 2004-05 | എൽ.എഫ്.ഇ.(പി.9)1342/10/ 5.5.2011 |
| 2005-06 | എൽ.എഫ്.ഇ.(പി.9)1343/10/ 14.9.2011 |
| 2011-12, 2012-13 | എൽ.എഫ്.ഇ.(പി.9) 972/14/27.8.14 |
| 2013-14 | കെ,എസ്.എ.ഇ.കെ.എം. (പി.9) 1504/15/ 09.09.2015 |
| 2014-15 | കെ.എസ് എ ഇ കെ എം (പി 9) 1187/2016 /19.7.16 |
| 2015-16 | കെ.എസ് എ ഇ കെ എം (പി 9) 2440/ 2016/ 7.1.2017 |
| 2016-17 | കെ.എസ് എ ഇ കെ എം (പി 9) 1646/ 2017/ 10.10.17/07.12.2017 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

.

ഡെപ്യൂട്ടി ഡയറക്ടർ

.

# അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുമാറാടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ഡെപ്യൂട്ടി ഡയറക്ടർ**

**2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്ത് ഫണ്ട് - ജനറൽ ഫണ്ട് എന്ന ഹെഡ്ഡിൽ 2016-17 ലെ നീക്കിയിരിപ്പും, 2017-18 ലെ മുന്നിരിപ്പും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

.

**ഡെപ്യൂട്ടി ഡയറക്ടർ**